നമ്പർ. എസ്. സി. റ്റി (2) 17174/2004.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,

തിരുവനന്തപുരം, 4.3.2005

സർക്കുലർ നമ്പർ 5/2005

വിഷയം: പാലക്കാട് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ളിപ്തം നംപർ. പി. 418- സംഘത്തിന് കെട്ടിട നിർമ്മാണത്തിനുള്ള സംഭാവന നൽകുന്നതു സംബന്ധിച്ച്.

സൂചന: 1. സംഘം പ്രസിഡന്റ് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയ്ക്ക് അയച്ച കത്ത് സർക്കാരിന്റെ 214/എം (സി ആന്റ് പി) /2004/വിഐപി തീയതി, 7.4.2004 ഇന്റ്സ്.

2. പാലക്കാട് ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ 16.8.2004ലെ 1872/04/പി 3-ാം നമ്പർകത്ത്.

3. എസ്.സി/എസ്.റ്റി ഫെഡറേഷന്റെ 4.2.2005ലെ ജി 2/ 2005/186-ാം നമ്പർ കത്ത്.

സൂചന (1) കത്തു പ്രകാരം പി. 418-ാം നംപർ പാലക്കാട് പട്ടികജാതി സർവീസ് സഹകരണ സംഘം പ്രസിഡന്റ് സംഘത്തിന്റെ കെട്ടിട നിർമാണത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന പിരിക്കുന്നതിനുള്ള അനുമതിക്കായി ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രിയ്ക്ക് അപേക്ഷിക്കുകയും ടി അപേക്ഷ സഹകരണ സംഘം രജിസ്ട്രാർക്ക് മേൽ നടപടിയ്ക്കായി അയച്ചു തരികയും ചെയ്തു. സൂചന (2) ലെ പാലക്കാട് ജോയിന്റ് രജിസ്ട്രാർ ജനറലിന്റെയും സൂചന (3) ലെ സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെയും അഭിപ്രായപ്രകാരം ടി സംഭാവന പിരിക്കാൻ അനുവാദം നൽകാൻ ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി.പി. 418-ാം നമ്പർ പാലക്കാട് പട്ടികജാതി സർവീസ് സഹകരണ സംഘത്തിന് കെട്ടിടം പണിയുന്നതിന് വേണ്ടി പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ പൊതു നൻമഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട സംഘങ്ങൾക്ക് നൽകുന്നു.

ഒപ്പ്

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

1. പാലക്കാട് ജില്ലയിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) പാലക്കാട് മുഖേന)
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ), പാലക്കാട്
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പാലക്കാട്
4. അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്), പാലക്കാട്
5. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.